215

E52168

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും വിവാഹ ധനസഹായ തുക ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.365/2019/സാ.നീ.വ തീയതി, തിരുവനന്തപുരം 24.6.2019

പരാമർശം- 1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ : 265/ 2018/സാ നീ വ തിയതി 6.5.2018
2. സാമൂഹ്യനീതി ഡയറക്ടറുടെ 21.6.2018, 19.11.2018 തിയതികളിലെ ഡി2-36948/15 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

പരാമർശം ഒന്ന് പ്രകാരം അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെണ്മക്കൾക്കും വിവാഹ ധനസഹായ തുക 10,000 രൂപയിൽ നിന്നും 30,000 രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും നൽകി വരുന്ന ധനസഹായ തുകയുടെ നിലവിലെ വരുമാന പരിധിയായ 36000/- രൂപ എന്നത് ഒരു ലക്ഷം രൂപയാക്കി ഉയർത്തണമെന്ന് പരാമർശം 2 ലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരുടെ പെൺമക്കൾക്കും നൽകി വരുന്ന വിവാഹ ധനസഹായ തുക ലഭിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധിയായ 36000/- രൂപ 1.4.2019 മുതൽ ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ജി & എസ്.എസ്. എ/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്(Vide WW-WW2/348/2017-FIN dated 14.5.2019)
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ